# പതിനഞ്ചാം കേരള നിയമസഭ

## ആറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ആഗസ്റ്റ് 22, തിങ്കളാഴ്ച

**നമ്പർ 77**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

സഭാ നടപടികൾ ആരംഭിക്കുന്നതിനുമുമ്പ് ദേശീയഗാനം ആലപിക്കുകയുണ്ടായി.

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ച് സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രത്യേക സമ്മേളനത്തെ ബഹു. സ്പീക്കർ അഭിസംബോധന ചെയ്ത് സംസാരിച്ചു.

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ എന്നിവർ സംസാരിച്ചു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും പ്രത്യേക സമ്മേളനത്തിന്റെ പ്രസക്തി സംബന്ധിച്ച് സംസാരിച്ചു.

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. റോഷി അഗസ്റ്റിൻ,
ജലവിഭവ വകുപ്പുമന്ത്രി.

ശ്രീ. മോൻസ് ജോസഫ്

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. അഹമ്മദ് ദേവർകോവിൽ,
തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി.

ശ്രീ. ആന്റണി രാജു,
ഗതാഗത വകുപ്പുമന്ത്രി.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീമതി കെ. കെ. രമ

KNPP. 1110/2022 (i).

ശ്രീ. കെ. പി. മോഹനൻ

ശ്രീ. മാണി സി. കാപ്പൻ.

ശ്രീ. കോവൂർ കുഞ്ഞുമോൻ.

തുടർന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

"ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളും അണിനിരന്ന ഉജ്ജ്വലമായ ജനകീയ സമരങ്ങളുടെ ഫലമായാണ് നൂറ്റാണ്ടുകൾ നീണ്ട വൈദേശിക ആധിപത്യത്തെ തകർത്തെറിഞ്ഞ് 1947 ആഗസ്റ്റ് 15-ന് നമ്മുടെ രാജ്യം സ്വാതന്ത്ര്യമായത്. സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭങ്ങൾക്ക് ധീരമായ നേതൃത്വം നൽകിയും അതിൽ പങ്കെടുത്തും രാജ്യത്തിന് വേണ്ടി സ്വജീവൻ അർപ്പിച്ച എല്ലാ ധീരരക്തസാക്ഷികളുടെയും സ്മരണകൾക്ക മുന്നിൽ സ്വാതന്ത്ര്യലബ്ധിയുടെ ഈ 75-ാം വാർഷികത്തിൽ കേരള നിയമസഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയതിന്റെ പേരിൽ രാജ്യത്തൊട്ടാകെയുള്ള വിവിധ ജയിലുകളിൽ അടയ്ക്കപ്പെട്ട് കൊടിയ പീഡനങ്ങളും യാതനകളും നേരിടേണ്ടിവന്ന അറിയപ്പെട്ടതും അറിയപ്പെടാത്തതുമായ എല്ലാ സ്വാതന്ത്ര്യ സമരസേനാനികളെയും അവരുടെ സംഭാവനകളെയും കേരള നിയമസഭ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

ഇന്ത്യയിലെ വിവിധ പ്രദേശങ്ങളെയും അവയുടെ സമ്പന്നമായ സംസ്കാരങ്ങളെയും നിരവധി ഭാഷകളെയും വ്യത്യസ്ത ധാരകളിൽപ്പെട്ടതും സാമ്രാജ്യത്വവിരുദ്ധ നിലപാട് സ്വീകരിച്ചതുമായ ഇവിടത്തെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും മതവിശ്വാസികളെയും മതവിശ്വാസികളല്ലാത്തവരെയും എല്ലാം ഉൾക്കൊള്ളുന്നതായിരുന്നു മഹത്തായ നമ്മുടെ സ്വാതന്ത്ര്യപ്രസ്ഥാനം എന്ന് കേരള നിയമസഭ ഓർമ്മിക്കുന്നു. അതിൽ പങ്കെടുത്ത ആദിവാസികൾ, ദളിതർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, കർഷകർ, കർഷകത്തൊഴിലാളികൾ, സ്ത്രീകൾ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങളെയും ഈ സഭ അഭിവാദ്യം ചെയ്യുന്നു. അവരുടെ ബഹുജനപ്രക്ഷോഭങ്ങൾ മുന്നോട്ടുവച്ചതും ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനമാകെ ഉയർത്തിപ്പിടിച്ചതുമായ മൂല്യങ്ങൾ അടങ്ങിയ ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷണത്തിനായി നിലകൊള്ളാൻ പ്രതിജ്ഞാബദ്ധമാണ് ഈ നിയമസഭയിലെ എല്ലാ അംഗങ്ങളും.

വൈദേശിക ആധിപത്യത്തിന് അവസാനം കുറിക്കാൻ തക്കവണ്ണം ഇന്ത്യയുടെ സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭങ്ങൾക്ക് ശക്തി പകർന്നത് സർവ്വരെയും ഉൾക്കൊള്ളുന്ന 'നാനാത്വത്തിൽ ഏകത്വം' എന്ന നമ്മുടെ മഹത്തായ കാഴ്ചപ്പാടായിരുന്നു എന്ന് കേരള നിയമസഭ ഊന്നിപ്പറയുന്നു. ഇന്നും അത്തരം കാഴ്ചപ്പാടുകൾക്ക് വിരുദ്ധമായ നീക്കങ്ങൾ രാജ്യത്താകമാനം നടക്കുന്നുവെന്നും പലതിന്റെയും പേരിൽ ഇന്ത്യൻ ജനതയെ ചേരിതിരിക്കാനും നമ്മുടെ ഒരുമയെ തകർക്കാനും നടത്തപ്പെടുന്ന ശ്രമങ്ങൾക്ക് പിന്നിലുള്ളത് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളിൽ അണിചേരാതിരുന്ന ശക്തികളാണെന്നും ഈ സഭ പ്രസ്താവിക്കുന്നു. അവയെ ചെറുക്കേണ്ടതും അവയുടെ ശ്രമങ്ങളെ പരാജയപ്പെടുത്തേണ്ടതും ഇന്ത്യയെ ജനാധിപത്യ മതനിരപേക്ഷ റിപ്പബ്ലിക്കായി നിലനിർത്തേണ്ടതിന് ഒഴിച്ചുകൂടാനാവാത്തതാണ് എന്ന് കേരള നിയമസഭ കരുതുന്നു

അതിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുമെന്നും സ്വതന്ത്ര ഇന്ത്യക്കായി പൊരുതിയ ധീരദേശാഭിമാനികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുമെന്നും ഇന്ന് രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങൾ അനുഭവിക്കുന്ന യാതനകളിൽ നിന്ന് അവർക്ക് മോചനം നേടിയെടുക്കാനുള്ള ഇടപെടലുകൾ നടത്തുമെന്നും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75- ാം വാർഷികത്തിൽ കേരള നിയമസഭയിലെ ഓരോ അംഗവും പ്രതിജ്ഞ എടുക്കുന്നു."

2022 ആഗസ്റ്റ് 23- ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 10.47-ന് സഭ പിരിഞ്ഞു.

എ. എം. ബഷീർ,

സെക്രട്ടറി.

# FIFTEENTH KERALA LEGISLATIVE ASSEMBLY

Sixth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, August 22, 2022*

**No. 77**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

National Anthem was sung before the commencement of the proceedings.

The Speaker addressed the Special sitting commemorating the 75 years of Indian Independence. Shri Pinarayi Vijayan, Chief Minister and Shri V. D. Satheesan, Leader of Opposition spoke. The following Members also spoke regarding the significance of the Special sitting.

Shri E. Chandrasekharan

Shri P. K. Kunhalikutty

Shri Roshy Augustine,
Minister for Water Resources.

Shri Mons Joseph

Shri Mathew T. Thomas

Shri Anoop Jacob

Shri Ahammad Devarkovil,
Minister for Ports, Museums and Archaeology.

Shri Antony Raju,
Minister for Transport.

Shri Ramachandran Kadannappalli

Smt. K. K. Rema

Shri K. P. Mohanan

KNPP. 1110/2022 (ii).

Shri Mani C. Kappan

Shri Kovoor Kunjumon.

Then the House unanimously adopted the following resolution moved by Shri. Pinarayi Vijayan, Chief Minister.

"ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളും അണിനിരന്ന ഉജ്ജ്വലമായ ജനകീയ സമരങ്ങളുടെ ഫലമായാണ് നൂറ്റാണ്ടുകൾ നീണ്ട വൈദേശിക ആധിപത്യത്തെ തകർത്തെറിഞ്ഞ് 1947 ആഗസ്റ്റ് 15-ന് നമ്മുടെ രാജ്യം സ്വതന്ത്രമായത്. സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് ധീരമായ നേതൃത്വം നൽകിയും അതിൽ പങ്കെടുത്തും രാജ്യത്തിന് വേണ്ടി സ്വജീവൻ അർപ്പിച്ച എല്ലാ ധീരരക്തസാക്ഷികളുടെയും സ്മരണകൾക്കു മുന്നിൽ സ്വാതന്ത്ര്യലബ്ധിയുടെ ഈ 75- ാം വാർഷികത്തിൽ കേരള നിയമസഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയതിന്റെ പേരിൽ രാജ്യത്തൊട്ടാകെയുള്ള വിവിധ ജയിലുകളിൽ അടയ്ക്കപ്പെട്ട് കൊടിയ പീഡനങ്ങളും യാതനകളും നേരിടേണ്ടിവന്ന അറിയപ്പെട്ടതും അറിയപ്പെടാത്തതുമായ എല്ലാ സ്വാതന്ത്ര്യ സമരസേനാനികളെയും അവരുടെ സംഭാവനകളെയും കേരള നിയമസഭ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

ഇന്ത്യയിലെ വിവിധ പ്രദേശങ്ങളെയും അവയുടെ സമ്പന്നമായ സംസ്കാരങ്ങളെയും നിരവധി ഭാഷകളെയും വ്യത്യസ്ത ധാരകളിൽപ്പെട്ടതും സാമ്രാജ്യത്വവിരുദ്ധ നിലപാട് സ്വീകരിച്ചതുമായ ഇവിടത്തെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും മതവിശ്വാസികളെയും മതവിശ്വാസികളല്ലാത്തവരെയും എല്ലാം ഉൾക്കൊള്ളുന്നതായിരുന്നു മഹത്തായ നമ്മുടെ സ്വാതന്ത്ര്യപ്രസ്ഥാനം എന്ന് കേരള നിയമസഭ ഓർമ്മിക്കുന്നു. അതിൽ പങ്കെടുത്ത ആദിവാസികൾ, ദളിതർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, കർഷകർ, കർഷകത്തൊഴിലാളികൾ, സ്ത്രീകൾ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങളെയും ഈ സഭ അഭിവാദ്യം ചെയ്യുന്നു. അവരുടെ ബഹുജനപ്രക്ഷോഭങ്ങൾ മുന്നോട്ടുവച്ചതും ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനമാകെ ഉയർത്തിപ്പിടിച്ചതുമായ മൂല്യങ്ങൾ അടങ്ങിയ ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷണത്തിനായി നിലകൊള്ളാൻ പ്രതിജ്ഞാബദ്ധമാണ് ഈ നിയമസഭയിലെ എല്ലാ അംഗങ്ങളും.

വൈദേശിക ആധിപത്യത്തിന് അവസാനം കുറിക്കാൻ തക്കവണ്ണം ഇന്ത്യയുടെ സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭങ്ങൾക്ക് ശക്തി പകർന്നത് സർവ്വരെയും ഉൾക്കൊള്ളുന്ന 'നാനാത്വത്തിൽ ഏകത്വം' എന്ന നമ്മുടെ മഹത്തായ കാഴ്ചപ്പാടായിരുന്നു എന്ന് കേരള നിയമസഭ ഊന്നിപ്പറയുന്നു. ഇന്നും അത്തരം കാഴ്ചപ്പാടുകൾക്ക് വിരുദ്ധമായ നീക്കങ്ങൾ രാജ്യത്താകമാനം നടക്കുന്നുവെന്നും പലതിന്റെയും പേരിൽ ഇന്ത്യൻ ജനതയെ ചേരിതിരിക്കാനും നമ്മുടെ ഒരുമയെ തകർക്കാനും നടത്തപ്പെടുന്ന ശ്രമങ്ങൾക്ക്

പിന്നിലുള്ളത് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളിൽ അണിചേരാതിരുന്ന ശക്തികളാണെന്നും ഈ സഭ പ്രസ്താവിക്കുന്നു. അവയെ ചെറുക്കേണ്ടതും അവയുടെ ശ്രമങ്ങളെ പരാജയപ്പെടുത്തേണ്ടതും ഇന്ത്യയെ ജനാധിപത്യ മതനിരപേക്ഷ റിപ്പബ്ലിക്കായി നിലനിർത്തേണ്ടതിന് ഒഴിച്ചുകൂടാനാവാത്തതാണ് എന്ന് കേരള നിയമസഭ കരുതുന്നു.

അതിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുമെന്നും സ്വതന്ത്ര ഇന്ത്യക്കായി പൊരുതിയ ധീരദേശാഭിമാനികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുമെന്നും ഇന്ന് രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങൾ അനുഭവിക്കുന്ന യാതനകളിൽ നിന്ന് അവർക്ക് മോചനം നേടിയെടുക്കാനുള്ള ഇടപെടലുകൾ നടത്തുമെന്നും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75- ാം വാർഷികത്തിൽ കേരള നിയമസഭയിലെ ഓരോ അംഗവും പ്രതിജ്ഞ എടുക്കുന്നു."

The House adjourned at 10.47 a.m. to meet again at 9.00 a.m. on Tuesday August 23, 2022.

A. M. BASHEER,

*Secretary.*